# പത്രകുറിപ്പ്

ദേശിയപാത 47(66) മംഗലപുരം മുതൽ കരമന വരെയുള്ള റോഡിൽ റീർടാറിംഗ് ആരംഭിച്ച് പാങ്ങപ്പാറ വരെയുള്ള റോഡിലെ ജോലികൾ പൂർത്തികരിച്ചിട്ടുള്ളതാണ് തുടർന്ന് പാങ്ങപ്പാറ മുതൽ ഉള്ളൂർ വരെയുള്ള റോഡിന്റെ പണികൾ 19.08.2017 തീയതി മുതൽ 23.08.2017 വരെ നടത്തുന്ന വിവരം ദേശീയ പാത വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സൂചന ദിവസങ്ങളിൽ ദേശീയ പാതയിലൂടെയുള്ള ഗതാഗതം രാവിലെ 10.00 മണി മുതൽ രാത്രി 10 മണിവരെ ക്രമീകരിച്ചിട്ടുള്ളതാണ്.

കഴക്കൂട്ടം ഭാഗത്തു നിന്നും തിരുവനന്തപുരം ഭാഗത്തേയ്ക്ക് വരുന്ന വാഹനങ്ങൾ കഴക്കൂട്ടം - കോവളം ബൈപ്പാസ് വഴി പോകേണ്ടതാണ്.

തിരുവനന്തപുരം ഭാഗത്തു നിന്നും ആറ്റിങ്ങൽ ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഉള്ളൂർ ജംഗഷനിൽ നിന്നും തിരിഞ്ഞ് ആക്കുളം - കുഴിവിള - ബൈപ്പാസ് റോഡ് വഴി കഴക്കൂട്ടം ഭാഗത്തേക്ക് പോകേണ്ടതും, പോത്തൻകോട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഉള്ളൂർ – കേശവദാസപുരം - മണ്ണന്തല – പൗഡിക്കോണം വഴി പോകേണ്ടതാണ്.

മേൽ പറഞ്ഞ തീയതിയിൽ കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതും. ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് ടോ ചെയ്ത് കൊണ്ട് പോകുന്നതും, ആ സമയം ടി വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് ട്രാഫിക് പോലീസ് ഉത്തരവാദിയാകുന്നതല്ല.

പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചി രിക്കേണ്ടതാണ്. ആയതിന് വിപരീതമായി പ്രവർത്തിക്കു ന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.